DESPATCHED On..10/06/2020

10/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2687*(7)/2013*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **17657**/*എസ്.ഐ.സി-ജി 6/13*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സിറാജ് ഇ.ടി.പി.,
മാട്ടൂൽ നോർത്ത്,
കണ്ണൂർ – 670 325. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,
   കണ്ണൂർ.

2. അപ്പീൽ അധികാരി,
   റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,
   കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.11.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 12.11.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 22.11.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 16.12.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 10.12.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 12.12.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.സിറാജ് ഇ.ടി.പി.,

10.12.2013ന് സമർപ്പിച്ച അപ്പീൽ ഹർജി 12.12.2013ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2687(7)/13/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് പൂർണ്ണമായ വിവരങ്ങൾ ലഭിച്ചില്ലെന്നും ആയത് ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കണ്ണൂർ റൂട്ടിൽ നിലവിൽ പെർമിറ്റുള്ള ബസ്സുകളുടെ വിവരവും സമയവിവര പട്ടികയും ആവശ്യപ്പെട്ട് അപേക്ഷ നൽകിയതിന് 6 ബസ്സുകളുടെ വിവരവും അതിൽ 4 എണ്ണത്തിന്റെ സമയവിവരവും മാത്രമാണ് നൽകിയതെന്നും 25 ഓളം ബസ്സുകൾ സർവ്വീസ് നടത്തുന്ന റൂട്ടിൽ ഇത്തരത്തിലൊരു മറുപടി നൽകിയത് അപൂർണ്ണമാണെന്നും ആകയാൽ ടിയാന്റെ രണ്ടാം അപ്പീൽ പരിഗണിച്ച് മാട്ടൂൽ-കണ്ണൂർ റൂട്ടിൽ നിലവിൽ പെർമിറ്റുള്ള ബസ്സുകളുടെ വിവരവും സമയവിവര പട്ടികയും അനുവദിച്ച് നൽകണമെന്നുമാണ്. ആയതിന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ ആക്ഷേപമുന്നയിച്ച് സമർപ്പിച്ച ഒന്നാം അപ്പീലിന് 16.12.2013ന് മറുപടി നൽകിയതായും കാണുന്നു.

4. ഒന്നാം എതിർകക്ഷി 21.01.2014ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട മാട്ടൂൽ-കണ്ണൂർ റൂട്ടിലെ ബസ്സുകളുടെ വിവരവും സമയപ്പട്ടികയും പല ഫയലുകളിലാണുള്ളതെന്നും ടി ഓഫീസിൽ 1500 ലധികം ഫയലുകളാണ് ഉള്ളതെന്നും ഇത്രയധികം ഫയലുകൾ പരിശോധിച്ച് വിവരങ്ങൾ നൽകുന്നത് ഓഫീസിന്റെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുമെന്നും ടി വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന് ഹിയറിംഗിനു ഹാജരാകാൻ കത്തു നൽകിയിട്ട് ഹാജരായിട്ടില്ലെന്നും ടിയാൻ ആവശ്യപ്പെട്ട സമയവിവരപട്ടിക ബസ് നമ്പർ ഉൾപ്പെടെ നൽകിയിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ട

തിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 10-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/